(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളുടെയും മറ്റു പിന്നോക്ക വിഭാഗങ്ങളുടേയും പാർപ്പിടം, വിദ്യാഭ്യാസം, കുടിവെള്ളം, റോഡ് തുടങ്ങിയ പദ്ധതികൾ ഓരോന്നും നടപ്പിലാക്കുന്നതിനുവേണ്ടി 1996-97, 1997-98, 1998-99, 1999-2000, 2000-2001 സാമ്പത്തികവർഷങ്ങളിൽ എത്ര ലക്ഷം ചെലവഴിച്ചിട്ടുണ്ട് ; വിശദവിവരം നല്കുമോ ;

(ബി) 1991-96 യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പ്രസ്തുത കാര്യങ്ങൾക്കുവേണ്ടി എത്ര ലക്ഷം രൂപ ചെലവഴിച്ചു ; സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാരുടെയും മറ്റു പിന്നോക്കവിഭാഗങ്ങളുടെയും ഉന്നമനത്തിന് പാർപ്പിടം, വിദ്യാഭ്യാസം, കുടിവെള്ളം റോഡ് എന്നീ ഇനങ്ങളിൽ പട്ടികജാതി വികസന വകുപ്പു വഴി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം ഒന്നിലെ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടുണ്ട്†. പട്ടികവർഗ്ഗ വികസനവകുപ്പുവഴിയും 20 ത്രിതലപഞ്ചായത്തുകൾ വഴിയും ചിലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രസ്തുത കാര്യങ്ങൾക്ക് വേണ്ടി പട്ടികജാതി വികസന വകുപ്പുവഴി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം 2-ലെ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടുണ്ട്†. പട്ടികവർഗ്ഗവികസന വകുപ്പ് വഴി ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

ആദിവാസികളുടെ ക്ഷേമത്തിന് നടപടി

5 (1156) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഓരോ സാമ്പത്തിക വർഷവും എത്ര രൂപവീതം ചെലവാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം അവർക്കുതന്നെ ലഭ്യമാക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇത് പരിഗണിക്കുമോ ?

† അനുബന്ധം VIII & VIII 'എ'

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി ആരംഭിച്ച പുതിയ പദ്ധതികളുടെ വിശദവിവരം അനുബന്ധം ഒന്ന് ആയി ചേർത്തിരിക്കുന്നു†. ഈ പദ്ധതികൾക്കും നിലവിലുള്ള പദ്ധതികൾക്കുമായി ചെലവഴിച്ച തുക ഇപ്രകാരമാണ്.

1996-97	39.28 കോടി രൂപ
1997-98	61.19 കോടി രൂപ
1998-99	58.45 കോടി രൂപ
1999-2000	44.12 കോടി രൂപ

(1999-2000-ലെ കണക്ക് പൂർണ്ണമല്ല)

(ബി) ഉണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല ഓഫീസർമാർ ഇക്കാര്യം പരിശോധിക്കുന്നുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന ഡയറക്ടർ എന്നിവർക്ക് പുറമേ പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രിയും പദ്ധതി നടത്തിപ്പ് നേരിട്ട് പരിശോധിക്കാറുണ്ട്. ധനകാര്യവകുപ്പിന്റെ പരിശോധനാ വിഭാഗം അക്കൗണ്ടന്റ് ജനറൽ എന്നിവരും ആവശ്യമെന്ന് കണ്ടാൽ നേരിട്ട് ഗുണഭോക്താക്കളെ സന്ദർശിച്ച് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നു. ജനകീയാസൂത്രണത്തിൽ, പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാ കമ്മിറ്റിക്കും പട്ടികജാതി പട്ടികവർഗ്ഗ കർമ്മസമിതികൾക്കും ഇതിനുള്ള അധികാരമുണ്ട്.

(ഡി) ബാധകമല്ല.

പരിവർത്തിത ക്രൈസ്തവ ജനതയുടെ പിന്നോക്കാവസ്ഥ

6 (1157) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരിവർത്തിത ക്രൈസ്തവ ജനതയുടെ പിന്നോക്കാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ക്ഷേമാർത്ഥം കഴിഞ്ഞ നാലര കൊല്ലക്കാലത്ത് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) വിവിധ കോഴ്സുകൾക്കിടയിൽ വച്ച് ട്രോപ്പ് ഔട്ടായ പരിവർത്തിത ക്രൈസ്തവ കുടുംബങ്ങളിലെ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് തുടർപഠനം സാധ്യമാക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

---

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[1-3-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5(1156)-ന്റെ 'എ' ഉത്തരം ദയവായി കാണുക]

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ പദ്ധതികളും അവയ്ക്കായി ഓരോ വർഷവും ചെലവായ തുകകളും

(ചെലവായ തുക)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	1996-97	1997-98	1998-99	1999-2000	2000-01 ജനുവരി വരെ
(1)	(2)	(3)	(4)	(5)	(6)	(7)
1	മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി	10.00	8.5	19.00	33.28	30.93
2	മോഡൽ റസിഡൻഷ്യൽ സ്കൂൾ, അട്ടപ്പാടി	10.00	8.5	19.00	26.00	13.5
3	മോഡൽ റസിഡൻഷ്യൽ സ്കൂൾ, സൗത്ത് വയനാട്	10.00	8.5	19.00	26.00	10.8
4	അട്ടപ്പാടി ഹെൽത്ത് പ്രോജക്റ്റ്	..	..	2.00	4.10	..
5	ഇടുക്കി ഹെൽത്ത് പ്രോജക്റ്റ്	..	..	..	2.00	0.55
6	അസിസ്റ്റന്റ്സ് ഫോർ എൻറോൾമെന്റ് ഓഫ് ട്രൈബൽ ചിൽഡ്രൻ	..	5.00	4.75	5.00	..
7	റിപ്പയർ ഓഫ് ഹോസ്റ്റൽസ്	..	..	9.98	15.00	..
8	പോസ്റ്റ് മെട്രിക് ഹോസ്റ്റൽസ് ഫോർ ട്രൈബൽസ്	..	..	..	..	..
9	റിപ്പയർ ഓഫ് ഹോസ്റ്റൽസ്	..	..	..	..	..
10	മോഡൽ റസിഡൻഷ്യൽ സ്കൂൾ, പത്തനംതിട്ട	..	..	16.25	24.00	24.08
11	മോഡൽ റസിഡൻഷ്യൽ സ്കൂൾ, തൃശ്ശൂർ	..	..	16.25	25.50	32.1

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)
12	മോഡൽ റസിഡൻഷ്യൽ സ്കൂൾ, കണ്ണൂർ	..	..	11.78	24.00	19.04
13	മോഡൽ റസിഡൻഷ്യൽ സ്കൂൾ, കാസർഗോഡ്	..	..	16.25	24.00	23.25
14	ആശ്രം സ്കൂൾ, പാലക്കാട്	..	..	2.00	5.00	2.74
15	ആശ്രം സ്കൂൾ/മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഫോർ പണിയൻസ്	..	..	..	..	20.57
16	റീഹാബിലിറ്റേഷൻ ഓഫ് ട്രൈബൽ ഫാമിലീസ് ലിവിംഗ് ഇൻ റിമോട്ട് ഏരിയാസ്	..	..	2.00	5.00	19.12
17	റീഹാബിലിറ്റേഷൻ ഓഫ് ട്രൈബൽ പുറംപോക്ക് ഡ്വല്ലേഴ്സ്	..	..	5.26	7.00	..
18	പാക്കേജ് പ്രോഗ്രാം ഫോർ അടിയ, പണിയ ആന്റ് പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പ്സ്	..	..	34.73	15.00	11.98
19	സപ്പോർട്ട് ഫോർ അഡീഷണൽ അപ്രന്റീസ്ഷിപ്പ് റ്റു ഐ.റ്റി.ഐ. പാസ്സ്ട് കാൻഡിഡേറ്റ്	..	..	0.63	..	..
20	സോഷ്യൽ ആക്ടിവിറ്റീസ്	..	..	5.91	46.35	68.14
21	വാട്ടർഷെഡ് സ്റ്റഡീസ്	..	..	23.76	11.77	0.24
22	പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പ് ഹൗസിംഗ്	..	..	..	90.44	8.6
23	എം.ആർ.എസ്. പൂക്കോട്	..	..	..	..	8.25
24	അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്സ് ഓഫ് എസ്.റ്റി. സ്റ്റുഡന്റ്സ്	..	..	..	..	0.90
25	പർച്ചേസ് ആന്റ് മെയിന്റനൻസ് ഓഫ് വെഹിക്കിൾസ്	..	..	..	..	9.05
26	പ്രോസസിംഗ് ഓഫ് ആരോഗ്യപച്ച	..	..	..	..	..
27	ഇൻഷ്വറൻസ് സ്കീം ഫോർ എസ്റ്റീസ്	..	..	..	..	..
28	എം.ആർ.എസ്. കോട്ടയം	..	..	..	..	9.92
29	എം.ആർ.എസ്. പുനലൂർ	..	..	..	..	8.35

LIBRARY ARCHIVES Kerala Legislative Assembly